LIBRARY ARCHIVES Kerala Legislative Assembly

## പി.ആർ.ഡി. വഴി പ്രസിദ്ധീകരിച്ച പരസ്യങ്ങൾ

76 (1547) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പരസ്യങ്ങൾ പി.ആർ.ഡി. വഴി പ്രസിദ്ധീകരിച്ചിട്ടുണ്ട്; ഇതിന് എത്ര തുക ചെലവായി;

(ബി) ഇക്കാലയളവിൽ ഓരോ വകുപ്പിനുവേണ്ടിയും പരസ്യ ഇനത്തിൽ ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ഓരോ മാധ്യമത്തിനും നൽകിയ പരസ്യങ്ങളുടെ എണ്ണവും നൽകിയ തുകയെയും സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സർക്കാർ വകുപ്പുകളുടേതായി ഏകദേശം ടെണ്ടർ വിഭാഗത്തിൽപ്പെട്ട 30910 പരസ്യങ്ങളും ഡിസ്പ്ലേ വിഭാഗത്തിൽപ്പെട്ട 3430 പരസ്യങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് 48 പരസ്യങ്ങളും നൽകിയിട്ടുണ്ട്. ടി ഇനത്തിൽ ടെണ്ടർ വിഭാഗത്തിൽ 38,49,99,887 രൂപയും ഡിസ്പ്ലേ ഇനത്തിൽ 74,56,43,844 രൂപയും ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് 22,60,63,044 രൂപയും ചെലവാക്കിയിട്ടുണ്ട്.

## കേരള ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പിന് ബഡ്ജറ്റിൽ അനുവദിച്ച തുക

77 (1548) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫർമേഷൻ &പബ്ലിക് റിലേഷൻസ് വകുപ്പിന് ബഡ്ജറ്റിൽ കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) അതിൽ ട്രഷറിയിൽ നിന്നും ഇതുവരെ എത്ര തുക പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട് എന്ന് പറയാമോ ;

(സി) പരസ്യത്തിനായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) കേരള ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ 3,89,07,64,000 രൂപ (മുന്നൂറ്റി എൺപത്തിയൊൻപത് കോടി ഏഴ് ലക്ഷത്തി അറുപത്തി നാലായിരം രൂപ) ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ അനുവദിച്ച തുകയിൽ നിന്നും കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ 2,56,48,04,892 രൂപ (ഇരുന്നൂറ്റി അമ്പത്തിയാറ് കോടി നാല്പത്തിയെട്ട് ലക്ഷത്തി നാലായിരത്തി എണ്ണൂറ്റിതൊണ്ണൂറ്റിരണ്ട് രൂപ) പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

(സി) പരസ്യത്തിനായി കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ ട്രഷറിയിൽ നിന്നും 1,33,68,56,909 രൂപ (നൂറ്റിമുപ്പത്തി മൂന്ന് കോടി അറുപത്തിയെട്ടുലക്ഷത്തി അൻപത്തിയാറായിരത്തി തൊള്ളായിരത്തി ഒൻപത് രൂപ) പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

## സർക്കാരിന്റെ വികസനക്ഷേമ പ്രവർത്തനങ്ങൾ

78 (1549) <u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലെത്തിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) സർക്കാർ നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി ഫീൽഡ് പബ്ലിസിറ്റി, പബ്ലിക്കേഷൻ, വിഷ്വൽ കമ്മ്യൂണിക്കേഷൻ, പ്രസ് റിലീസ് എന്നീ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.